പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1464

10-02-2020-ൽ മറുപടിക്ക്

## മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

**ചോദ്യം**

**ശ്രീ. ആർ. രാജേഷ്**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ആർ.ഐ.ഡി.എഫ്-25 ന് കീഴിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി (കെ.എൽ.ഡി.സി. ഉൾപ്പെടെ) മാവേലിക്കര നിയമസഭ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരവും അനുവദിച്ച തുകയും വ്യക്തമാക്കുമോ; | (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ്-25 സ്കീമിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിലുൾപ്പെട്ട പാലമേൽ, നൂറനാട് പഞ്ചായത്തുകളിലെ കരിങ്ങാലിച്ചാൽ പുഞ്ചയുടെ ഭാഗമായ തുരുത്തേൽ, നൂറുകോടി, വിളയിൽ കടവ്, ചൂരക്കാവിനാൽ, കുതിരകെട്ടുംതടം, കരിങ്ങാലിച്ചാൽ, അമ്പടവം, കരയമുട്ടം എന്നീ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും തഴക്കര പഞ്ചായത്തിലെ കോതറ, പോരടി, പുത്തൻകുളം എന്നീ കുളങ്ങളുടെ നവീകരണത്തിനുമായി 801.27 ലക്ഷം രൂപയുടെ ഭരണാനുമതി കെ.എൽ.ഡി.സി-ക്കു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതിക ഭരണാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കെ.എൽ.ഡി. സി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ